## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1124 — 13.12.2012 - ൽ മറുപടിക്ക്

## സർക്കാർ അന്ധ-ബധിര വിദ്യാലയങ്ങൾ

**ചോദ്യം** — **ഉത്തരം**

ശ്രീ. എം.ഹംസ

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്ത് സർക്കാർ അധീനതയിൽ എത്ര അന്ധ-ബധിര വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാമാണ്; | (എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ 4 അന്ധവിദ്യാലയങ്ങളും, 3 ബധിര വിദ്യാലയങ്ങളുമാണ് നിലവിലുള്ളത്.<br>1. **സർക്കാർ അന്ധ വിദ്യാലയം**<br>(എ) വഴുതക്കാട്, തിരുവനന്തപുരം.<br>(ബി) ഒളശ്ശ, കോട്ടയം.<br>(സി) കുന്നംകുളം, തൃശ്ശൂർ.<br>(ഡി) വിദ്യാനഗർ, കാസർഗോഡ്.<br>2. **സർക്കാർ ബധിര വിദ്യാലയം**<br>(എ) ജഗതി, തിരുവനന്തപുരം.<br>(ബി) കുന്നംകുളം, തൃശ്ശൂർ.<br>(സി) ഒറ്റപ്പാലം, പാലക്കാട്. |
| (ബി) 2000-2012 വരെയുള്ള കാലയളവിൽ എത്ര വിദ്യാർത്ഥികൾ മരണപ്പെട്ടിട്ടുണ്ട്; മരണ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) 2010-ൽ ഒറ്റപ്പാലം സർക്കാർ ബധിര വിദ്യാലയത്തിൽ ഒരു വൊക്കേഷണൽ ഹയർ സെക്കൻണ്ടറി വിദ്യാർത്ഥിനി, സ്കൂൾ ഹോസ്റ്റലിൽ വച്ച് ആത്മഹത്യ (തൂങ്ങിമരണം) ചെയ്തിട്ടുണ്ട്. സ്കൂളിലോ, ഹോസ്റ്റലിലോ ഉള്ള പ്രശ്നങ്ങൾ അല്ല മരണകാരണമെന്നും, മറിച്ച് കുട്ടിയുടെ വീട്ടിലെ പ്രശ്നങ്ങളാണ് മരണ കാരണമെന്നും അന്വേഷണത്തിൽ നിന്നും മനസ്സിലാകുന്നു. |

| | | | |
|---|---|---|---|
| (സി) | വിദ്യാർത്ഥികളെ പീഡിപ്പിച്ചു വെന്ന പരാതിയിൻമേൽ എത്ര കേസുകൾ നിലവിലുണ്ട്; അവ ഏതെല്ലാമാണ്; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | വാർഡന്റെയും കൂടി ചുമതല-യുള്ള ഹെഡ്മാസ്റ്റർമാർക്ക് സ്കൂളിനോടനുബന്ധിച്ച് ക്വാർട്ടേഴ്സു-കൾ അനുവദിച്ചിട്ടുണ്ടോ; | (ഡി) | സർക്കാർ അന്ധ-ബധിര വിദ്യാലയ ങ്ങളിലെ എല്ലാ ഹെഡ്മാസ്റ്റർമാർക്കും സ്കൂളിനോടനുബന്ധിച്ച് ക്വാർട്ടേഴ്സുകൾ അനുവദിച്ചിട്ടുണ്ട്. |
| (ഇ) | ഇവർ രാത്രികാലങ്ങളിൽ ക്വാർട്ടേഴ്സിൽ താമസിച്ച് വിദ്യാർത്ഥികളുടെ സംരക്ഷണ ചുമതല നിർവ്വഹിക്കുന്നുണ്ടോ; ഇല്ലാത്തവർക്കെതിരെ നടപടി യെടുത്തിട്ടുണ്ടോ; വിശദ-മാക്കുമോ; | (ഇ) | എല്ലാ ഹെഡ്മാസ്റ്റർമാരും സ്കൂളിനോടനു-ബന്ധിച്ചുള്ള ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നില്ല. താമസിക്കാത്ത ഹെഡ്മാസ്റ്റർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. |
| (എ ഫ്) | സംസ്ഥാനത്തെ എല്ലാ സർക്കാർ അന്ധ-ബധിര വിദ്യാലയങ്ങളിലും അനുബന്ധ സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | സംസ്ഥാനത്തെ എല്ലാ സർക്കാർ അന്ധ-ബധിര വിദ്യാലയങ്ങളിലും മെച്ചപ്പെട്ട സൗകര്യങ്ങൾ നിലവിലുണ്ട്. ക്ലാസ് മുറികൾ, ഹോസ്റ്റൽ, അടുക്കള, ഡൈനിംഗ് ഹാൾ, ടോയ്ലറ്റ് തുടങ്ങി എല്ലാ സൗകര്യങ്ങളും നിലവിലുണ്ട്. എന്നു വരികിലും നിലവിലുള്ള സർക്കാർ അന്ധ-ബധിര വിദ്യാലയങ്ങളിലെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഓരോ വർഷവും ആവശ്യമായ തുക അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.